Deepika 03/02/2018

# കാർഷിക സർവകലാശാല പുസ്തകോത്സവം ഇന്നു സമാപിക്കും

**തൃശൂർ:** കേരള കാർഷിക സർവകലാശാലയുടെ ത്രിദിന ദേശീയ പുസ്തകോത്സവവും ചിത്രപ്രദർശനവും ഇന്നു സമാപിക്കും. വ്യാഴാഴ്ച ആരംഭിച്ച പുസ്തകോത്സവം എഴുത്തുകാരൻ സന്തോഷ് ഏച്ചിക്കാനം ഉദ്ഘാടനം ചെയ്തു. വെള്ളായണി കാർഷിക കോളജ് ഡീൻ ഡോ. എ. അനിൽകുമാർ അധ്യക്ഷനായി. എഴുത്തുകാരൻ സി. ആർ. ദാസ്, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പി.എസ്. വിനയൻ തുടങ്ങിയവർ പ്രസംഗിച്ചു. കേരള ലളിതകലാ അക്കാദമിയുമായി സഹകരിച്ചു സംഘടിപ്പിച്ച ചിത്രപ്രദർശനം സർവകലാശാല ആസൂത്രണ വിഭാഗം മേധാവിയും ജനറൽ കൗൺസിൽ അംഗവുമായ ഡോ. ടി. പ്രദീപ് കുമാർ ഉദ്ഘാടനം ചെയ്തു. ആർട്ടിസ്റ്റ് കെ.ആർ. കുമാരനെ ജനറൽ കൗൺസിൽ അംഗം ഡോ.എ. സക്കീർ ഹുസൈൻ ആദരിച്ചു. ശാസ്ത്ര സാങ്കേതികം, കൃഷി, വിദ്യാഭ്യാസം, സാഹിത്യം, ഭാഷ, ആരോഗ്യം തുടങ്ങി എല്ലാ വിഷയങ്ങളിലുമുള്ള പ്രമുഖ ദേശീയ, അന്തർദേശീയ പ്രസാധകരുടെ ആയിരക്കണക്കിനു പുസ്തകങ്ങൾ മേളയുടെ ആകർഷണമാണ്.